"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ, മീനച്ചിൽ വില്ലേജിൽ ഗ്വാഡലൂപ്പേ ഇടവക പള്ളി സ്ഥിതി ചെയ്യുന്ന റീസർവ്വെ 7 ൽ പെട്ട ഭൂമി കമ്പോളവില ഈടാക്കി പതിച്ച് നൽകുന്നതിന് അനുമതി നൽകിയ ഉത്തരവ് - ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എം) വകുപ്പ്**

സ.ഉ.(കൈ) നം.248/2026/RD തീയതി,തിരുവനന്തപുരം, 17-08-2026

---

പരാമർശം:-
1. സ.ഉ.(കൈ)നം.152/2026/RD തീയതി 15.03.2026
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 15.07.2026 തീയതിയിലെ LR/4315/2025-LR(J5) നമ്പർ കത്ത്.
3. പാല ഗ്വാഡലൂപ്പേ മാതാദൈവാലയം വികാരി ഫാ.ജോഷി പുതുപ്പറമ്പിൽ സമർപ്പിച്ച 15.07.2026 തീയതിയിലെ അപേക്ഷ.

**ഉത്തരവ്**

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ, മീനച്ചിൽ വില്ലേജിൽ ഗ്വാഡലൂപ്പേ ഇടവക പള്ളി സ്ഥിതി ചെയ്യുന്ന റീസർവ്വെ 7 ൽ പെട്ട 0.74 ച. മീറ്റർ ഭൂമി കമ്പോളവില ഈടാക്കി പതിച്ച് നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പതിച്ചു നൽകേണ്ട ഭൂമിയുടെ വിസ്തീർണം 74 ചതുരശ്രമീറ്റർ എന്നതിനു പകരം 0.74 ച. മീറ്റർ എന്നാണ് മേൽ ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും ടി പിശക് പരിഹരിച്ച് കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ റീസർവേ നമ്പർ 7 - ൽപ്പെട്ട 74 ച.മീറ്റർ വസ്തു പതിച്ചു നൽകുന്നതിന് അനുമതി നൽകണമെന്നും അഭ്യർത്ഥിച്ച് ഗ്വാഡലൂപ്പേ മാതാ ദൈവാലയം വികാരി ഫാ. ജോഷി പറമ്പിൽ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. കോട്ടയം ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സർക്കാർ ഉത്തരവിൽ പതിവ് ഭൂമിയുടെ വിസ്തീർണ്ണത്തിലുണ്ടായ പിശക് പരിഹരിക്കുന്നതിനായി ടി ഭൂമിയുടെ വിസ്തീർണ്ണം 0.74 ചതുരശ്ര മീറ്ററിന് പകരം 74 ചതുരശ്ര മീറ്റർ എന്ന് മാറ്റി സർക്കാർ ഉത്തരവ് ഭേഗഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1), (2) എന്നിവയുടെ അടിസ്ഥാനത്തിൽ, കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ, മീനച്ചിൽ വില്ലേജിൽ ഗ്വാഡലൂപ്പേ ഇടവക പള്ളി സ്ഥിതി ചെയ്യുന്ന റീസർവ്വെ 7 ൽ പെട്ട 0.74 ച. മീറ്റർ ഭൂമി കമ്പോളവില ഈടാക്കി പതിച്ച് നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് പുറപ്പെടുവിച്ച

പരാമർശം (1) ഉത്തരവിൽ, പതിവ് ഭൂമിയുടെ വിസ്തീർണ്ണത്തിലുണ്ടായ പിശക് പരിഹരിക്കുന്നതിനായി ടി ഭൂമിയുടെ വിസ്തീർണ്ണം 0.74 ചതുരശ്ര മീറ്ററിന് പകരം 74 ചതുരശ്ര മീറ്റർ എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോട്ടയം
തഹസിൽദാർ, മീനച്ചിൽ താലൂക്ക്, കോട്ടയം
ഇൻഫർമേഷൻ ഓഫീസർ, വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Kumari Sindhu S
Date: 18-08-2026
15:06:36
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ് - ന്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. - യ്ക്ക്